General_Dy(DT)-204/2021/CPTvnr-899 Dated : 28-09-2021

**കേരള സർക്കാർ, ജയിൽ വകുപ്പ്**
**ദർഘാസ് പരസ്യം**

പുതുതായി പ്രവർത്തനം ആരംഭിക്കുന്ന തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ഗ്യാസ് കിച്ചൺ സ്ഥാപിക്കുന്നത് ആവശ്യാർഥം എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരം ഗ്യാസ് പൈപ്പ് ലൈൻ (MS മെറ്റിരിയൽ), അനുബന്ധ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും, ISI മുദ്രയോട് കൂടിയ വിവിധതരം ഇൻഡസ്ട്രിയൽ എൽ. പി. ജി. സ്റ്റൗ എന്നിവ സപ്ലൈ ചെയ്യുന്നതിനും ഇൻസ്റ്റാൾ ചെയ്യുന്നതിനും വേണ്ടി PESSO ലൈസൻസുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ദർഘാസ് ക്ഷണിച്ച്കൊള്ളുന്നു. മുദ്രവെച്ച ദർഘാസ് അടങ്ങിയ കവറിന് മുകളിൽ ദർഘാസ് നമ്പറും പേരും എഴുതി സൂപ്രണ്ട് സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ എന്ന വിലാസത്തിൽ നൽകേണ്ടതാണ്.

| | |
|---|---|
| ദർഘാസ് നമ്പർ | **നമ്പർ DY(DT) 204/2021/CPTVNR** |
| അടങ്കൽ തുക | 2,70,000 (രണ്ട് ലക്ഷത്തി എഴുപതിനായിരം രൂപ) |
| ദർഘാസ് ഫോമിൻ്റെ വില | 594 രൂപ + 12 % GST |
| ഡ്യൂപ്ളിക്കേറ്റ് ദർഘാസ് ഫോമിൻ്റെ വില | 296 രൂപ + 12 % GST |
| ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം | തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടാപ്പീസ്. |
| ദർഘാസ് ഫോം വിതരണം തുടങ്ങുന്ന തിയ്യതി | 30 - 09 - 2021 |
| ദർഘാസ് ഫോം വിൽക്കുന്ന അവസാന തിയ്യതിയും സമയവും. | 29 - 10 - 2021 03 .00 PM |
| ദർഘാസ് തുറക്കുന്ന തിയ്യതിയും സമയവും. | 29 - 10 - 2021 04 .00 PM |
| വർക്ക് പൂർത്തിയാകുന്നതിനുള്ള സമയം | എഗ്രിമെൻ്റ് മുതൽ 20 ദിവസം |

എസ്റ്റിമേറ്റും ഡ്രോയിങ്ങും ഓഫിസ് സമയത്ത് തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടാഫിസിൽ നിന്നും ലഭിക്കുന്നതാണ്. നിശ്ചിത തിയ്യതിയിലും സമയത്തും നിശ്ചിത ഫോറത്തിൽ മുദ്രവെച്ച ദർഘാസ് തവനൂർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം സൂപ്രണ്ടാപ്പീസിൽ സീകരിക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാന കാര്യാലത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കിനൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോറം വി. പി. പി. ആയി അയക്കുകയോ, ചെക്ക്, പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിൻ്റെ വിലയായി സീകരിക്കുകയോ ചെയ്യുന്നതല്ല.

Sudheer T
Superintendent

Dy(DT)-204/2021/CPTvnr

2066be

General_Dy(DT)-204/2021/CPTvnr-861 Dated : 28-09-2021

നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തവനൂർ സൂപ്രണ്ട് അവറുകളുടെ നമ്പർ DY(DT) 204/2021/CPTVNR ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്.

2 . ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി അടങ്കൽ തുകയുടെ 1.5 % അടക്കേണ്ടതാണ്. നിരദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളൂ. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ തിരിച്ച് നൽകുന്നതാണ്.

3. ഏറ്റവും കുറഞ്ഞ തുകക്ക് ടെണ്ടർ വിളിച്ച് വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തിയ്യതി മുതൽ 30 (മുപ്പത്) ദിവസിത്തിനകം ബഹു ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് അവറുകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ടെണ്ടർ നടത്തിപ്പ്, വ്യവസ്ഥകൾ എന്നിവ സംബന്ധമായി എന്തെങ്കിലും തർക്കമുണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫിസറുടെ തീരുമാനം അന്തിമമായിരിക്കും.

6. ഏറ്റവും കുറഞ്ഞ തുകക്ക് എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരമുള്ള കാര്യങ്ങൾ ജയിലിൽ സ്ഥാപിക്കുന്നതിന് വാഗ്ദത്തം ചെയ്തിട്ടുള്ള സ്ഥാപനം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പ് വക്കേണ്ടതും, ടെണ്ടർ അംഗീകരിച്ചതിന് ശേഷം 3 % സെക്യൂരിറ്റി ഡെപ്പോസിറ്റും (EMD ഉൾപ്പെടെ), വീണ്ടും 200 രൂപയുടെ മറ്റൊരു മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പ് വക്കേണ്ടതുമാണ്. ഇതിനു തയ്യാറാകാതിരുന്നാൽ, അയാളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതാണ്. പുനർ ടെണ്ടർ നടത്തുന്നതുമൂലം സർക്കാരിനുണ്ടായേക്കാവുന്ന കഷ്ട നഷ്ടങ്ങൾക്ക് പ്രസ്തുത സ്ഥാപനം ഉത്തരവാദിയായിരിക്കുന്നതാണ്.

7. എസ്റ്റിമേറ്റും ഡ്രോയിങ്ങും പ്രകാരമുള്ള വർക്ക് പൂർത്തിയാക്കിയതിന് ശേഷം തുക ട്രഷറി മുഖാന്തിരം സ്ഥാപനത്തിന്റെ അകൗണ്ടിലേക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

8. G.S.T. രജിസ്ട്രേഷനുള്ള സ്ഥാപനങ്ങൾ മാത്രം ടെണ്ടറിൽ പങ്കെടുത്താൽമതി.

9. തക്കതായ കാരണങ്ങളില്ലാതെ നിശ്ചിതസമയത്ത് വർക്ക് പൂർത്തികരിച്ചില്ലങ്കിൽ അധികമായി എടുക്കുന്ന ഓരോ ദിവസത്തിനും 200 രൂപ പിഴ അടക്കേണ്ടതാണ്.

10. സർക്കാർ കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന നിർദേശങ്ങൾ എല്ലാം പാലിക്കേണ്ടതാണ്.

Sudheer T
Superintendent